# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 12 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok

## മകരവിളക്കിനെത്തുന്ന ഭക്തർ തിക്കും തിരക്കും കൂട്ടരുത്-തന്ത്രി

മകരവിളക്ക്ദർശനത്തിനെത്തുന്ന അയ്യപ്പസ്വാമി ഭക്തർ തിക്കും തിരക്കും കൂട്ടാതെ ദർശനം നടത്തണമെന്ന് തന്ത്രി കണ്ഠര് രാജീവര് പറഞ്ഞു. കാനനവാസന്റെ പൂങ്കാവനത്തിലെത്തുന്ന ഭക്തർ സംയമനം പാലിക്കണം. അപകടസാധ്യതയുള്ള ഉയരങ്ങളിൽ കയറി ദർശനം നടത്തരുത്. മലകയറുന്ന ഭക്തരും ജ്യോതിദർശനത്തിനുശേഷം മലയിറങ്ങുന്ന ഭക്തരും തിടുക്കംകൂട്ടരുത്. അപകടത്തിനിടയാക്കരുത്. നിർദ്ദേശങ്ങൾ അനുസരിക്കണം. തിരുവാഭരണം ചാർത്തിയ ഭഗവാനെ കണ്ട് തൊഴാനെത്തുന്ന ഭക്തർക്ക് സുഖദർശനത്തിനുള്ള എല്ലാ സംവിധാനങ്ങളും സന്നിധാനത്ത് ക്രമീകരിച്ചിട്ടുണ്ട്.

## ജ്ഞാനത്തിന്റെ ജ്വാല പടർത്തി കുട്ടിപ്രഭാഷകൻ

ആർഷഭാരത സംസ്കാരത്തിന്റെ ഉൾക്കാമ്പുകളെ മനസ്സിൽ പ്രതിഷ്ഠിച്ച് വേദജ്ഞാനങ്ങളുമായി നിന്നും വേദികളിലേക്ക് സഞ്ചരിക്കുകയാണ് കുട്ടിപ്രഭാഷകനായ ഭരത് ചന്ദ്രൻ. ശബരിമലയിലെ അയ്യപ്പസന്നിധിയിൽ അയ്യപ്പസ്വാമിയുടെ മാഹാത്മ്യത്തെക്കുറിച്ചും ഹിന്ദുപുരാണങ്ങളെക്കുറിച്ചുമായിരുന്നു തിരുവനന്തപുരം കാരക്കോണം പി.പി.എം.എച്ച്.എസ്സിലെ ഒൻപതാം തരം വിദ്യാർത്ഥിയായ രാമവർമ്മൻചിറ ഭരത്ചന്ദ്രന്റെ പ്രഭാഷണം. ഭാരതീയ ജ്ഞാനികളിൽ ശ്രേഷ്ഠനായ സ്വാമി വിവേകാനന്ദനെ ഗുരുസ്ഥാനത്ത് പ്രതിഷ്ഠിച്ചാണ് ചെറുപ്രായത്തിലെ പുരാണങ്ങളെ പഠിച്ചു തുടങ്ങിയത്. എട്ടാം വയസ്സിൽ തുടങ്ങിയ ഈ പ്രഭാഷണയാത്ര ഇതിനകം 521 വേദികൾ പിന്നിട്ടു. സ്വാമി വിവേകാനന്ദൻ, ശ്രീമദ്ഭഗവത്ഗീത, രാമായണ മഹാത്മ്യം, ദേവി മഹാത്മ്യം, സ്കന്ദ പുരാണം, വിഷ്ണുപുരാണം, ശിവപുരാണം, ഗണപതി പുരാണം, ഗരുഡപുരാണം തുടങ്ങിയവയെല്ലാം ഈ ബാലന് മനപാഠമാണ്. അച്ഛൻ സി.ചന്ദ്രശേഖരൻ നായരും അമ്മ ബി.അർച്ചനകുമാരിയും മകന്റെ ഈ അദ്ധ്യാത്മിക യാത്രയ്ക്ക് പൂർണ്ണ പിന്തുണ നൽകുന്നു. നിരവധി പുരസ്കാരവും ഇതിനകം ഭരത്ചന്ദ്രനെ തേടി വന്നു. ഒട്ടേറെ വ്യക്തികളും പ്രകീർത്തിച്ചു.

തിരുവതാംകൂർ ദേവസ്വം പ്രസിഡന്റ് പ്രയാർഗോപാലകൃഷ്ണൻ ശ്രി അയ്യപ്പ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഭരത്ചന്ദ്രനെ ആദരിച്ചു.ആത്മീയപരമായ ആഴത്തിലുള്ള അറിവുകൾ ഇത്രയും ചെറിയ പ്രായത്തിലെ സ്വന്തമാക്കുകയെന്നത് ചെറിയകാര്യമല്ല. ഹൈന്ദവപുരാണത്തിന്റെ പകരം വെക്കാനില്ലാത്ത മഹദ്സന്ദേശങ്ങൾ വരും തലമുറയിലേക്ക് കൈമാറ്റം ചെയ്യുന്ന ഈ ഉദ്യമം ഒരു നിയോഗം കൂടിയാണെന്നും അദ്ദേഹം പറഞ്ഞു. ദേവസ്വം ബോർഡിന്റെ കീഴിലുള്ള അമ്പലങ്ങളിൽ മതപാഠശാലകൾ

നടത്തുന്നുണ്ട്. ഭഗവത്ഗീതയുടെ 18 അദ്ധ്യായങ്ങളിൽ കുറഞ്ഞത് 12 യോഗങ്ങൾ കാണാതെ പഠിച്ചു ചൊല്ലുന്ന കുട്ടികളുടെ തുടർപഠനം ദേവസ്വം ബോർഡ് ഏറ്റെടുക്കുമെന്നും പ്രയാർഗോപാലകൃഷ്ണൻ പറഞ്ഞു.

# വ്രതകാലത്തിൽ അയ്യപ്പഭക്തർക്ക് പ്രകൃതി ജീവനം ആശ്വാസമായി ഒറ്റമൂലികൾ

വ്രതകാലം തൊട്ട് ശബരീശദർശനം വരെയും അയ്യപ്പഭക്തർക്ക് ആയുർവ്വേദം അനുഗ്രഹമാണ്. മനസ്സും ശരീരവും ആത്മിയഭാവത്തിൽ ലയിക്കുമ്പോൾ ആയുർവ്വേദത്തിലെ ഒറ്റമൂലികൾ കൂട്ടാകുന്നു. ദിവസവും രണ്ടുനേരമുള്ള തണുത്ത വെള്ളത്തിലുള്ള കുളിയും വ്രതനിഷ്ഠകളുമെല്ലാം ശരീരത്തിന്റെ തുലനത താൽക്കാലികമായെങ്കിലും നഷ്ടമായേക്കാം. അതിനുള്ള പരിഹാരമായി പണ്ടുകാലം മുതൽക്കെ ആയുർവ്വേദ മരുന്നുകൾ വ്രതകാലത്ത് കൂടെ കൊണ്ടു നടക്കുന്നവരുണ്ട്. വ്രത പുണ്യത്തിന്റെ നിറവിൽ ഒടുവിൽ മലകയറുമ്പോൾ ഇരുമുടിക്കെട്ടിലെ പിൻകെട്ടിൽ പരമ്പരാഗതമായ ആയുർവ്വേദ ഒറ്റമൂലികൾ കരുതുന്നതും സ്വാമിമാരുടെ ശീലമാണ്. ജലദോഷം, പിത്തം, കഫക്കെട്ട് തുടങ്ങി വ്രതകാലത്ത് സാധാരണ നിലയിൽ കണ്ടുവരുന്ന എല്ലാ അസുഖങ്ങൾക്കും ഫലവത്തായ മരുന്ന് ആയുർവ്വേദത്തിലുണ്ട്. പാർശ്വഫലങ്ങളില്ലാതെ ഉപയോഗിക്കാമെന്നതിനാൽ ചൂർണ്ണങ്ങളും രാസനാദി പൊടിയും കഷായവുമെല്ലാം ശബരിമല തീർത്ഥാടകർക്കിടയിൽ ഒഴിച്ചുകൂടാനാവാത്തതായി.ചുക്ക് കാപ്പി ചുക്ക് വെള്ളം തുടങ്ങിയവയെല്ലാം ഇടവിട്ട് കുടിക്കുന്നത് ഗുണകരമാണെന്ന് ആയുർവ്വേദ ഡോക്ടർമാർ നിർദ്ദേശിക്കുന്നു.

ഭക്ഷണം കഴിച്ചയുടനെയും വിശന്നിരിക്കുമ്പോഴും മലകയറുന്നത് ഒഴിവാക്കണം. ക്ഷീണമകറ്റാൻ മലര് ചൂടാക്കിപ്പൊടിച്ചതും കൽക്കണ്ടം സമം ചേർത്തതും ഇടയ്ക്കിടെ കഴിക്കാം. ദഹന സംബന്ധമായ പ്രശ്നങ്ങൾക്ക് ഇത് പരിഹാരമാകും. ദഹനത്തിന് എളുപ്പമായ നാരുകൾ അടങ്ങിയ ഭക്ഷണമാണ് ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് അഭികാമ്യം. പരിപ്പ് എണ്ണപലഹാരങ്ങൾ എന്നിവ ഒഴിവാക്കാം. കിഴങ്ങ് വർഗ്ഗങ്ങളും പരമാവധി ഒഴിവാക്കാം. രോഗങ്ങളകറ്റാൻ നിരവധി ആയുർവ്വേദ രാസായനങ്ങളും ലഭ്യമാണ്. സന്നിധാനത്തുള്ള ആയുർവ്വദ ആസ്പത്രിയിൽ ആയുർവ്വേദ വിധി പ്രകാരമുള്ള എല്ലാ ചികിത്സകളും ലഭ്യമാക്കുന്നു.സ്വാമിമാർക്കും ജോലിക്കായി എത്തിയവർക്കും ഏറെ അനുഗ്രഹമാണ് ഈ ആതുരാലയം. ഇതുവരെ 35517 പേർ ഇവിടെ ചികിത്സ തേടിയെത്തി. 24 മണിക്കൂറും സേവനം ചെയ്യുന്ന ഈ ആസ്പത്രിയിൽ 5 ഡോക്ടർമാരും 13 മറ്റുജീവനക്കാരമുണ്ട്. കഷായങ്ങൾ ഗുളികകൾ, അസ്ഥി സംബന്ധമായ ചികിത്സകൾ എന്നിവയെല്ലാം നൽകുന്നുണ്ട്. ഡോ. എസ്.അജിത്ത് കുമാറിനും ബി.വിനയകുമാറിനുമാണ് നടത്തിപ്പ് ചുമതല. പമ്പയിലും എരുമേലിയിലും ആയുർവ്വേദ ആസ്പ്രതികൾ സജ്ജീകരിച്ചിട്ടുണ്ട്. ഇതര സംസ്ഥാനത്ത് നിന്നും വരുന്നവർക്കും കേരളീയ ആയുർവ്വേദത്തിന്റെ ചികിത്സാപ്രചാരം നൽകാനും ഇതുവഴി സാധിക്കുന്നു.

# മകരവിളക്ക്: സുരക്ഷ ഉദ്യോഗസ്ഥർ മോക്ഡ്രിൽ നടത്തും

മകരവിളക്കിന് ശബരിമലയിലെത്തുന്ന അയ്യപ്പഭക്തരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും അത്യാഹിതങ്ങളുണ്ടായാൽ രക്ഷാപ്രവർത്തനം നടത്തുന്നതിനും സേനയേയും അയ്യപ്പസേവാസംഘം പ്രവർത്തകരേയും സജ്ജമാക്കുന്നതിന് ഇന്ന്(ജനുവരി12) വൈകുന്നേരം ഏഴിന് പാണ്ടിത്താവളത്ത് വീണ്ടും മോക്ഡ്രിൽ നടത്തുമെന്ന് സ്പെഷ്യൽ ഓഫീസർ എസ് സുരേന്ദ്രൻ പറഞ്ഞു.മകരവിളക്ക് ദർശനത്തിന് ഭക്തർ കൂടുതൽ കേന്ദ്രീകരിക്കുന്ന പ്രദേശങ്ങളിലാണ് സുരക്ഷശക്തമാക്കുന്നത്.

. അസ്കാലൈററ് ഉപയോഗിച്ച് 14 പോയിന്റുകളിൽ നിരീക്ഷണം നടത്തും. മകരവിളക്കിന് മുന്നോടിയായി 14വരെ സുരക്ഷാ ഉദ്യോഗസ്ഥർ എല്ലാദിവസവും അവലോകനയോഗം നടത്തും. പഴുതുകളില്ലാത്ത സുരക്ഷ ഉറപ്പ് വരുത്തും.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 12 | 2017 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok

## സുരക്ഷിതവും, പ്രയാസരഹിതവുമായ മകരജ്യോതിദർശനം ഭക്തർക്ക് ഉറപ്പാക്കും

മകരവിളക്കിന് ഒരു ദിവസം ബാക്കിനില്ക്കെ സംസ്ഥാനത്തിന് അകത്തും പുറത്തും നിന്നുള്ള ലക്ഷോപലക്ഷം അയ്യപ്പഭക്തർക്ക് സുരക്ഷിതവും, പ്രയാസരഹിതവുമായ മകരജ്യോതിദർശനം സാദ്ധ്യമാക്കാൻ എല്ലാവകുപ്പുകളും ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്ന് സന്നിധാനത്തെ ദേവസ്വം ഓഫീസ് കോംപ്ളക്സിൽ ചേർന്ന വിവിധ വകുപ്പുകളുടെ അവലോകന യോഗത്തിൽ ദേവസ്വം എക്സിക്യൂട്ടിവ് ഓഫീസർ ആർ.രവി ശങ്കർ പറഞ്ഞു.

മകരജ്യോതി കാണാനെത്തുന്ന അയപ്പഭക്തരുടെ സുരക്ഷ്ക്കായുള്ള എല്ലാ സംവിധാനങ്ങളും സജ്ജമാണെന്ന് സന്നിധാനം പൊലീസ് സ്പെഷ്യൽ ഓഫീസർ എസ് സുരേന്ദ്രൻ യോഗത്തെ അറിയിച്ചു. ഇതിനായി സേനയേയും അയ്യപ്പസേവാസംഘം പ്രവർത്തകരേയും സജ്ജമാക്കുന്നതിനായി ജനുവരി11ന് വടക്കേനടയിലും, മാളികപ്പുറത്തും, പാണ്ടിതാവളത്തും മോക്ഡ്രിൽ നടത്തി. ഇന്ന്(ജനുവരി12) വൈകുന്നേരം ഏഴിന് പാണ്ടിത്താവളത്ത് വീണ്ടും അസ്കാലൈററ് ഉപയോഗിച്ച് 14 പോയിന്റുകളിൽ നിരീക്ഷണം നടത്തും. വടക്കേ നടയിൽ പോലീസ്,ആർ എ എഫ്, എൻഡി ആർഎഫ് എന്നീ സേനകൾ സംയുക്തമായി സുരക്ഷ ഉറപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു.

അടിയന്തിര ഘട്ടങ്ങളുണ്ടായാൽ നേരിടുന്നതിനായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് കീഴിൽ അടിയന്തിര ഓപ്പേറഷൻ സെൽ രൂപീകരിച്ചതായി ഡ്യൂട്ടി മജിസ്ട്രേറ്റ് ബി.രാജചന്ദ്രൻ അറിയിച്ചു. വിരിക്കായി അന്യസംസ്ഥാനക്കാരായ അയ്യപ്പഭക്തരിൽ നിന്ന് അമിത ചാർജ് ഈടാക്കുന്നതും, വിരികളിൽ ഭക്ഷണം പാകംച്ചെയ്യുന്നത് കർശനമായി തടയാനും പൊലീസിന്റെയും, ഫയർഫോഴ്സിന്റെയും സംയുക്ത പരിശോധന ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

ഫലപ്രദമായ ബോധവത്കരണം മൂലം അയ്യപ്പഭക്തമാർക്കിടയിലെ ഹൃദോഗ മരണം വളരെയേറെ കുറയ്ക്കാനായതായി ആരോഗ്യവകുപ്പ് നോഡൽ ഓഫീസർ ഡോ.സുരേഷ്ബാബു പറഞ്ഞു.ഇതുവരെ 2 ലക്ഷത്തിലധികം പേർക്ക് ചികിൽസ നല്കാനായിട്ടുണ്ട്. തിരക്ക് കൂടുന്നതിനനുസരിച്ച് ചികിത്സാ സൗകര്യങ്ങളും മെച്ചപ്പെടുത്താൻ എല്ലാ കേന്ദ്രങ്ങളിലും കൂടുതൽ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിച്ചതായും അദ്ദേഹം അറിയിച്ചു.

യോഗത്തിൽ സന്നിധാനത്തെ വിവിധ സേനാ, വകുപ്പ് മേധാവികൾ, ദേവസ്വം ബോർഡ്, അയ്യപ്പസേവാ സംഘം പ്രതിനിധികൾ പങ്കെടുത്തു.

## പമ്പവിളക്കും പമ്പസദ്യയും ഇന്ന് (ജനുവരി 13) നടക്കും

അന്നദാന പ്രഭുവായ സ്വാമി അയ്യപ്പനുള്ള പമ്പസദ്യയും പമ്പവിളക്കും ഇന്ന് (ജനുവരി 13) നടക്കും. മകരവിളക്കിനോടനുബന്ധിച്ച് എരുമേലിപേട്ടതുള്ളി കരിമലതാണ്ടി എത്തുന്ന ഭക്തർ പമ്പയിലെത്തി സദ്യയുണ്ട് പമ്പവിളക്ക് കണ്ടശേഷമാണ് മകരജ്യോതിദർശനത്തിനായി മലച്ചവിട്ടുന്നത്. രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നുള്ള ഭക്തർ ഇന്നലെ പമ്പാ മണൽപുറത്ത് സദ്യയ്ക്കുള്ള ഒരുക്കങ്ങൾ ആരം ഭിച്ചു. ഗുരുസ്വാമിയുടെ നിർദ്ദേശപ്രകാരം മുൻക്കൂട്ടി നിശ്ചയിച്ച വിഭവങ്ങൾ  ഇന്ന് രാവിലെ തയ്യാറാ ക്കും.ഉച്ചയോടെ അയ്യപ്പഭക്തർ പമ്പാതീരത്ത് ഒന്നിച്ചിരുന്നാണ് സദ്യ കഴിക്കുക. നിലവിളക്കുകൊളുത്തി തൂശനിലയിട്ട് വിഭവങ്ങൾ വിളമ്പുന്നതോടെ സദ്യവട്ടങ്ങൾ ആരംഭിക്കും. ആദ്യ ഇലയിലെ ഭക്ഷണം അയ്യപ്പസ്വാമിക്ക് നിവേദിച്ചശേഷമാണ് ഭക്തർ സദ്യ ഉണ്ണുക. പമ്പാസദ്യയിൽ അയ്യപ്പസ്വാമി പങ്കെടുക്കു മെന്നാണ് വിശ്വാസം. മകരവിളക്കിന് മുന്നോടിയായി ഇന്ന് (13) വൈകീട്ട് പമ്പവിളക്കിനുള്ള ഒരുക്ക ങ്ങൾ നടത്തും. മുളകൾകൊണ്ട് ഗോപുരങ്ങൾ ഉണ്ടാക്കി അതിന്മേൽ മൺചെരാതുകൾ കത്തിച്ചശേഷം ശരണമന്ത്രങ്ങളോടെപമ്പാ നദിയിലേക്ക് ഒഴുക്കിവിടും. ഇതോടെ പമ്പ ദീപപ്രഭയിൽ ശോഭിക്കും.

## തിരുവാഭരണ ഘോഷയാത്ര  ആരംഭിച്ചു

മകരവിളക്ക് ദിവസം അയ്യപ്പവിഗ്രഹത്തിൽ ചാർത്തുന്ന തിരുവാഭരണവും വഹിച്ചുകൊണ്ടുള്ള  ഘോഷയാത്ര ഇന്നലെ (ജനുവരി12 ) ഉച്ചക്ക് പന്തളം വലിയ കോയിക്കൽ ധർമ്മ ശാസ്താ ക്ഷേത്രത്തിൽ നിന്നും ആരം ഭിച്ചു. നാളെ(ജനുവരി14)യാണ് മകരജ്യോതി ദർശനം. പന്തളം വലിയ കോയിക്കൽ ശാസ്താ ക്ഷേത്രത്തിൽ ഇപ്പോൾ ദർശനത്തിന് വച്ചിരുന്ന തിരുവാഭരണങ്ങൾ പേടകങ്ങളിലേക്ക് മാറ്റിയ ശേഷമാണ് ഘോഷയാത്ര തുട ങ്ങിയത്. പന്തളം രാജാവ് ക്ഷേത്രത്തിലെത്തി പ്രത്യേകം പൂജകൾ നടത്തിയതിന് ശേഷമാണ് തിരുവാഭരണങ്ങൾ മൂന്ന് പേടകങ്ങളിലേക്ക് മാറ്റുന്നത്. മേൽ ശാന്തി പൂജിച്ച് നൽകിയ ഉടവാളും ഭസ്മവും പന്തളം വലിയ തമ്പുരാൻ ഇത്തവണത്തെ രാജ പ്രതിനിധി പി ജി ശശികുമാർ വർമ്മക്ക് കൈമാറിയതോടെയാണ്  തിരുവാഭരണ ഘോഷയാത്രയ്ക്ക് തുടക്കമായത്.

മകരസംക്രമ സന്ധ്യയിൽ അയ്യപ്പവിഗ്രഹത്തിൽ ചാർത്തുന്നതിനുവേണ്ടി ആഭരണങ്ങളും ചമയങ്ങളുമായി പിതാവ് മകനെ കാണാൻ പോകുന്നുവെന്ന സങ്കൽപ്പത്തിലാണ് പന്തളം വലിയകോയിക്കൽ ക്ഷേത്രത്തിൽനിന്നും തിരുവാഭരണ ഘോഷയാത്ര ആരംഭിച്ചത് . ഘോഷയാത്രയെ പന്തളം രാജപ്രതിനിധിയാണ്  അനുഗമിക്കുന്നത് .

തലച്ചുമടായാണ് മൂന്ന് പേടകങ്ങളും സന്നിധാനത്ത് എത്തിക്കുന്നത്. പ്രധാന പേടകമായ തിരുവാഭരണ പെട്ടിയിൽ ശബരിമല അയ്യപ്പവിഗ്രഹത്തിൽ ചാർത്താൻ പാകത്തിലുള്ള ഇന്ദ്രനീലക്കല്ലുകൾ പതിച്ച തിരുമുഖമാണ് പ്രധാനം. കൂടാതെ നവരത്നമോതിരം, മണിമാല, ശരപ്പൊളിമാല, എരിക്കിൻപൂമാല, ചുരിക, വാൾ, സ്വർണത്തളിക, പ്രഭാമണ്ഡലം, ആന, പുലി, പൂർണ പുഷ്കലമാർ എന്നിവ പ്രധാന പെട്ടിയിലുണ്ടാകും. കലശപ്പെട്ടിയിൽ കളഭാഭിഷേകത്തിനുള്ള സ്വർണക്കുടം, വെള്ളികെട്ടിയ ശംഖ്, പൂജാപാത്രങ്ങൾ എന്നിവയാണുള്ളത്. മൂന്നാമത്തെ കൊടിപ്പെട്ടിയിൽ ശബരിമലയിൽ എഴുന്നെള്ളിപ്പിനുള്ള ജീവത, നെറ്റിപ്പട്ടം, തലപ്പാറ, ഉടുമ്പാറ മലകളുടെ കൊടികൾ എന്നിവയാണുണ്ടാവുക .

ഗുരുസ്വാമി കുളത്തിനാൽ ഗംഗാധരൻ പിള്ളയുടെ നേതൃത്വത്തിലുള്ള 25അംഗ സംഘമാണ് തിരുവാഭരണ പേടകങ്ങൾ ശിരസ്സിലേറ്റിയത്. പ്രധാന പേടകം കുളത്തിനാൽ ഗംഗാധരൻ പിള്ളയും, കലശകുടമടങ്ങുന്ന പേടകം മരുതവനം ശിവൻ പിള്ളയും, കൊടിപെട്ടി കിഴക്കേതോട്ടത്തിൽ പ്രതാപചന്ദ്രൻ നായരും ശിരസ്സിലേറ്റി.
ആദ്യ ദിവസം അയിരൂർ പുതിയകാവ് ക്ഷേത്രത്തിലും രണ്ടാം ദിവസം ളാഹ സത്രത്തിലും ഘോഷയാത്ര വിശ്രമിക്കും.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 12 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok

## മകരവിളക്കിന് ഒരുക്കങ്ങൾ പൂർത്തിയായി :ദേവസ്വം ബോർഡ് പ്രസിഡന്റ്

മകരവിളക്കിനുള്ള മുന്നൊരുക്കങ്ങളെല്ലാം പൂർത്തിയായതായി ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ അറിയിച്ചു. കഴിഞ്ഞകൊല്ലം മണ്ഡല മകരവിളക്ക് കാലത്ത് നാല് കോടി അയ്യപ്പ ഭക്തർ ശബരിമലയിൽ എത്തിയതായാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതിൽ നിന്നും 15 ശതമാനത്തിലധികം ഭക്തർ ഇക്കുറി ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്. ഇതു മുൻകൂട്ടി കണ്ട് കൊണ്ട് ദർശന സമയം അഞ്ചുമണിക്കൂറിലേറെ ദീർഘിപ്പിച്ചിട്ടുള്ളത് വളരെയധികം ഭക്തർക്ക് നെയ്യഭിഷേകത്തിനും മറ്റ് പൂജാകർമ്മങ്ങളും ചെയ്യുന്നതിന് പ്രയോജനം ചെയ്യുന്നുണ്ട്. ശബരിമലയിൽ എത്തുന്ന ഭക്തർക്ക് അന്നദാനത്തിന് വിപുലമായ സൗകര്യങ്ങൾ ഏർപ്പാടാക്കിയിട്ടുണ്ട്.ശുദ്ധജലം, അപ്പം, അരവണപ്രസാദം എന്നിവയുടെ  ആവശ്യാനുസരണമുള്ള ലഭ്യതയ്ക്കും  സജ്ജീകരണങ്ങൾ ചെയ്തിട്ടുണ്ട്. ഭക്തരുടെ യാത്രാസൗകര്യം ഉറപ്പാക്കുന്നതിനായി കെ.എസ്.ആർ.ടി.സിയും സജ്ജമാണെന്ന് അദ്ദേഹം പറഞ്ഞു.

## ഹരിവരാസനം അവാർഡ് ഗംഗൈ അമരന് നാളെ (ജനു. 14) സമ്മാനിക്കും

ശബരിമലക്ഷേത്രത്തിന്റെ പ്രശസ്തി വാനോളമെത്തിച്ച പ്രതിഭാധനർക്ക് സംസ്ഥാനസർക്കാർ നൽകുന്ന ഹരിവരാസനം പുരസ്ക്കാരം പ്രശസ്ത സംഗീതജ്ഞൻ ഗംഗൈ അമരന് മകരവിളക്ക് ദിനമായ നാളെ (ജനുവരി 14)സമർപ്പിക്കും.

രാവിലെ എട്ടിന് വലിയ നടപന്തലിലെ ശ്രീ അയ്യപ്പ ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പുരസ്ക്കാരം സമർപ്പിക്കും. ചടങ്ങ് മന്ത്രി ഉദ്ഘാടനം ചെയ്യും.രാജു എബ്രഹാം എം എൽ എ അധ്യക്ഷതവഹിക്കും. റവന്യൂ, ദേവസ്വം വകുപ്പ് സെക്രട്ടറി കെ ആർ ജ്യോതിലാൽ പ്രശസ്തി പത്രം വായിക്കും.ശബരിമല മാസ്റ്റർ ഉന്നതാധികാരസമിതി ചെയർമാൻ കെ ജയകുമാർ മുഖ്യപ്രഭാഷണം നടത്തും. ആന്റോആന്റണി എം പി, ദേവസ്വം ബോർഡ് പ്രസിഡണ്ട്

പ്രയാർ ഗോപാലകൃഷ്ണൻ, ബോർഡ് മെമ്പർമാരായ അജയ് തറയിൽ കെ രാഘവൻദേവസ്വം കമ്മീഷണർ സി പി രാമരാജപ്രേമപ്രസാദ് എന്നിവർ സംസാരിക്കും. പുരസ്ക്കാരജേതാവ് ഗംഗൈ അമരൻ ഗാനാർച്ചന നടത്തും.

2012ലാണ് ആദ്യമായി ഹരിവരാസനം അവാർഡ് നൽകിയത്. അത് കെ ജെ യേശുദാസിനായിരുന്നു. ജയൻ(ജയവിജയ), പി ജയചന്ദ്രൻ, എസ് പി ബാലസുബ്രഹ്മണ്യൻ, എ ജി ശ്രീകുമാർ എന്നിവർ തുടർന്നുള്ള വർഷങ്ങളിൽ പുരസ്ക്കാരത്തിന് അർഹരായി.ഒരു ലക്ഷം രൂപയും ഫലകവും അടങ്ങുന്നതാണ് അവാർഡ്.

## ശബരീശനുമുന്നിൽ മൂകന് ശബ്ദാനുഗ്രഹം

ശബരീശസന്നിധിയിൽ മൂകനായ യുവാവ് ശരണമന്ത്രം ഉരുവിട്ടു. മലപ്പുറം മമ്പറത്തുനിന്നും എത്തിയ കുണ്ടുകുളം വിനോദിനാണ് സോപാനനടയിൽ നിന്നും ശരണ വിളിക്കാനുള്ള നിയോഗമുണ്ടായത്. ജന്മനാ സംസാരിക്കാൻ കഴിയാതിരുന്ന വിനോദിന്റെ ഈ മാറ്റത്തിൽ കൂടെ വന്ന അയ്യപ്പഭക്തരും അമ്പരന്നു നിന്നു. വർഷങ്ങളായി മാലയിട്ട് വ്രതമെടുത്ത് വിനോദ് മലകയറാറുണ്ട്. ഇത്തവണയും കെട്ടുനിറകഴിഞ്ഞ് വീട്ടിൽ നിന്നും പുറപ്പെടുമ്പോഴും പമ്പയിൽ നിന്നും സന്നിധിയിലേക്കു വരുമ്പോഴുമെല്ലാം ആംഗ്യഭാഷയിൽ തന്നെയാണ് വിനോദ് ആശയ വിനിമയം നടത്തിയിരുന്നത്. എന്നാൽ വ്യാഴാഴ്ച രാവിലെ മറ്റുള്ളവർക്കൊപ്പമെത്തി പതിനെട്ടാം പടികയറി സോപാനത്തിന് മുന്നിലെത്തിയപ്പോൾ ശബരീശന്റെ മുന്നിൽ കണ്ണടച്ച് നിന്ന് ശരണം വിളിക്കുന്ന വിനോദിനെയാണ് സഹസ്വാമികൾക്കെല്ലാം കാണാനായത്. അതോടെ എല്ലാവരും ശരണം ഏറ്റുവിളിക്കാൻ തുടങ്ങി. ദർശനം കഴിഞ്ഞ ഉടൻ തന്നെ വീട്ടിലേക്ക് വിളിച്ച് ഇക്കാര്യം വിനോദിന്റെ ഭാര്യ സരിതയോടും മക്കളോടും പറയുകയായിരുന്നു. പതിവായി കൽപ്പണിയെടുത്താണ് വിനോദ് കുടുംബം പോറ്റുന്നത്. ഇതിനിടയിൽ എല്ലാ മകരവിളക്കിന് ശബരിമലയിലേക്കുള്ള തീർത്ഥാടനവും ഒഴിവാക്കാറില്ലെന്ന് ഗുരുസ്വാമിയായ അപ്പുക്കുട്ടൻ പറയുന്നു. നാൽപ്പത് വർഷത്തെ ശബരിമലയിലേക്കുള്ള യാത്രയിൽ ഇത്തരത്തിലുള്ള ഒരനുഭവം ആദ്യമായിട്ടാണെന്നും ഗുരുസ്വാമി പറഞ്ഞു.

## ഉക്രൈനിൽ നിന്നൊരു സന്യാസി
## ശബരീശന്റെ പൂങ്കാവനത്തിൽ സന്തുർ നാദം

കാനനവാസനായ അയ്യപ്പന്റെ പൂങ്കാവനത്തിൽ സന്തുറിന്റെ മാന്ത്രിക നാദവുമായി ലോകം ചുററി ഒരു വിദേശ സന്യാസിയെത്തി. ഭാരതീയ ദർശനങ്ങളെ ആഴത്തിൽ പഠിച്ച് സമഭാവനയുടെ മൂല്യങ്ങളെ ഹൃദയത്തിൽ ചേർത്ത ഉക്രെയിനിൽ നിന്നുമുള്ള വാദിം ബട്ടൂരയാണ് മകര സംക്രാന്തിയുടെ രണ്ടുനാൾ മുമ്പെ നീലിമല ചവിട്ടി സന്നിധാനത്തെത്തിയത്. തിരക്കിൽ നിന്നെല്ലാം ഒഴിഞ്ഞ് അയ്യപ്പൻമാർ മകരവിളക്ക് കാണാൻ ഇലചാർത്തുകൾ കൊണ്ടൊരുക്കിയ പർണ്ണശാലയിലാണ് വാദിം കഴിഞ്ഞുകൂടാൻ ഇടം കണ്ടെത്തിയത്. കൂട്ടത്തിൽ രണ്ടുപതിറ്റാണ്ടായി ഒപ്പമുള്ള പേർഷ്യൻ സന്തുറുമുണ്ട്.

ഭാരതീയ സംഗീതത്തിലെ രാഗലയങ്ങൾ കൊണ്ട് പർണ്ണശാലയിലെ സ്വാമിമാരെയെല്ലാം ഈ ബ്രഹ്മചാരി നിമിഷങ്ങൾക്കിടയിൽ വിസ്മയിപ്പിച്ചു. മകരവിളക്ക് തെളിയുന്ന മലയുടെ വിദൂര കാഴ്ചകളിലേക്ക് കണ്ണയച്ച് ഇന്ത്യൻ അധ്യാത്മിക ചൈതന്യത്തിന്റെ ശ്രേഷ്ഠതകളെക്കുറിച്ച് വാദിം ഇംഗ്ലീഷിൽ വിവരിച്ചു. പതിനാറാം വയസ്സുമുതൽ വീട്ടിൽ നിന്നുമുള്ള ബന്ധങ്ങളെല്ലാം ഉപേക്ഷിച്ച് ഒറ്റയ്ക്കുള്ള സഞ്ചാരമാർഗ്ഗമാണ് സ്വീകരിച്ചത്. ഇന്ത്യയിൽ ആദ്യമായി വന്നതുമുതൽ ഈ സംസ്കൃതിയെ ഹൃദയത്തിൽ സ്വീകരിച്ചു.ജടകെട്ടിയ മുടിയും കൈയ്യിലേന്തിയ കമണ്ഡലുവുമായി ഇന്ത്യയുടെ ഉൾനാടൻ ഗ്രാമങ്ങളിലൂടേയും വാദിം ഇതിനകം സഞ്ചരിച്ചിട്ടുണ്ട്.

സന്തുറിൽ വാദിമിന് ഗുരുക്കളില്ല. ഭാരതീയരാഗങ്ങളെല്ലാം തെരഞ്ഞുപഠിച്ച് നിരന്തരമായി പരീക്ഷിച്ചു. പിന്നെ ഈ സന്തുറിനും വാദിമിനും ഇടയിൽ അകൽച്ചകളില്ലാതായി. ഓരോ യാത്രയും ഓരോ അന്വേഷണമാണ്. ഒടുവിൽ ഏറെ നടന്ന് ശരംകുത്തിയും നീലിമലയും കടന്ന് ശബരീശസന്നിധിയിലും എത്തി.മകരവിളക്ക് ദർശനത്തിനായി ലക്ഷക്കണക്കിന് ഭക്തരെത്തുന്ന ശബരിമലയുടെ പുണ്യത്തിലും ആദ്യമായി എത്തിയതോടെ ഈ ചൈതന്യത്തിലും സമഭാവനയിലും വാദിം അമ്പരന്നു നിന്നു. മകരവിളക്ക് കാണണം. പിന്നെ ഇനി എങ്ങോട്ടെന്നില്ലാത്ത മലയിറക്കം.

(ചിത്രം. കന്നഡ അയ്യപ്പഭക്തരുടെ പർണ്ണശാലയിൽ സന്തുർ വായിക്കുന്ന ഉക്രൈനിൽ നിന്നുമെത്തിയ വാദിം ബട്ടൂര)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.